**18/11/2017 -ൽ 9.15 മണിക്ക് തിരുവനന്തപുരം തൈക്കാട്ടുള്ള സർക്കാർ ഗസ്റ്റ് ഹൗസ്, ബാങ്കറ്റ് ഹാളിൽ വച്ച് നടന്ന നഗരസഭാ സെക്രട്ടറിമാരുടെ 2017 ഒക്ടോബർ മാസം വരെയുള്ള മാസാന്ത്യ പ്രവർത്തന പുരോഗതി അവലോകന യോഗ നടപടികുറിപ്പുകൾ.**

ഹാജർ അനുബന്ധം **I & II** ആയി ചേർത്തിരിക്കുന്നു.

കേരളത്തിലെ നഗരസഭകളുടെ പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച ചേരുന്നതിനായി നിശ്ചയിച്ച പ്രകാരം 2017 ഒക്ടോബർ മാസം വരെയുള്ള അവലോകനയോഗം 18/11/2017 ന് നഗരകാര്യ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ തൈക്കാട്ടുള്ള സർക്കാർ ഗസ്റ്റ് ഹൗസിൽ **ബാങ്കറ്റ് ഹാളിൽ**_വച്ച് രാവിലെ 9.00 മണി മുതൽ യോഗം ചേർന്നു.

നഗരകാര്യ ഡയറക്ടർ ശ്രീമതി. ഹരിത വി കുമാർ ഐ എ എസ് അവലോകന യോഗത്തിൽ ഹാജരായിട്ടുള്ള നഗരസഭാ സെക്രട്ടറിമാരെയും നഗരസഭാ സെക്രട്ടറിമാരെ പ്രതിനിധീകരിച്ച് പങ്കെടുത്തവരെയും സ്വാഗതം ചെയ്തു

**ശ്രീ. ടി കെ ജോസ് ഐ എ എസ്, പ്രിൻസിപ്പൽ സെക്രട്ടറി**

നഗരസഭകളിലെ പദ്ധതികളുടെ വർക്കിന്റെ ബില്ലുകൾ കഴിയുമെങ്കിൽ എല്ലാ മാസവും 10 -ാം തീയിത മുതൽ 25-ാം തീയതി വരെയുള്ള ദിവസങ്ങളിൽ ട്രഷറിയിൽ സബ് മിറ്റ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണെന്നും ഏതെങ്കിലും ട്രഷറികൾ 25 ലക്ഷത്തിനു താഴെയുള്ള ബില്ലുകൾ എടുക്കുന്നില്ലെങ്കിൽ ട്രഷറി ഓഫീസറുടെ പേര്, ട്രഷറിയുടെ നമ്പർ, ട്രഷറിയുടെ അഡ്രസ്സ് മുതലായ വിവരങ്ങൾ ഇ-മെയിൽ മുഖേന നഗരകാര്യ ഡയറക്ടറെ അറിയിക്കേണ്ടതാണെന്ന് നഗരസഭാ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി.

ഉൽപ്പാദന മേഖല, സേവന മേഖല തുടങ്ങിയ മേഖലകളിലെ വർക്കുകൾ, സാങ്കേതികാനുമതി വേണ്ടാത്ത വർക്കുകൾ ജൂൺ 15 നു മുമ്പ് ഭരണാനുമതി കിട്ടിയതും ഡി പി സി കൂടിയതുമായ വർക്കുകൾ എന്നിവയിൽ പുരോഗതി കൊണ്ടുവരുന്നതിന് നഗരസഭാ സെക്രട്ടറിമാർ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന് അഭിപ്രായപ്പെട്ടു.

പൊതുവിഭാഗം ഫണ്ടിന്റെ വിനിയോഗത്തേക്കാൾ 5-10 ശതമാനത്തിൽ താഴെയാണ് എസ് സി പി/ടി എസ് പി ഫണ്ട് വിനിയോഗമെന്നും ആയതിനാൽ എസ് സി പി/ടി എസ് പി ഫണ്ട് വിനിയോഗം ഊർജ്ജിതമാക്കാൻ നഗരസഭാ സെക്രട്ടറിമാർ വ്യക്തിപരമായി ശ്രദ്ധിക്കേണ്ടതാണെന്ന് പ്രത്യേകം നിർദ്ദേശിച്ചു. എസ് സി പി/ടി എസ് ബി ഫണ്ട് ഗുണകരമായ പ്രോജക്റ്റുകൾക്ക് വേണ്ടി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ട താണെന്നും നിർദ്ദേശിച്ചു.

അമൃത് പദ്ധതി നടപ്പാക്കുന്ന 9 നഗരങ്ങളിൽ പദ്ധതിയുടെ സ്ഥിതി വളരെ പുറകിലാണെന്ന് അഭിപ്രായപ്പെട്ടു. ആയതിനാൽ ആകെയുള്ള പദ്ധതികളുടെ എണ്ണം എത്രയെണ്ണത്തിന് ഡി പി ആർ, തയ്യാറാക്കിയിട്ടുണ്ടെന്നും എത്രയെണ്ണത്തിന് സാങ്കേതികാനുമതി, ഭരണാനുമതി എന്നിവ ലഭിച്ചുവെന്നും എത്ര വർക്ക് തുടങ്ങി എന്നീ വിവരങ്ങൾ **വെബ് സൈറ്റിൽ** പ്രസിദ്ധപ്പെടുത്തുന്നതിനോടൊപ്പം മേയർ/ചെയർമാൻ/ സെക്രട്ടറി എന്നിവരുടെ പേരുവിവരങ്ങൾ കൂടി വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും യോഗത്തിൽ നിർദ്ദേശിച്ചു.

പ്രധാൻ മന്ത്രി ആവാസ് യോജന പദ്ധതി – നഗരങ്ങളിലെ മുഴുവൻ ഭവന നിർമ്മാണത്തിനുമുള്ള പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കി നൽകിയാൽ കേന്ദ്ര സർക്കാറിന്റെ ഫണ്ട് ലഭ്യമാകുന്നതാണെന്ന് അറിയിച്ചു.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 28 ഏക്കർ സ്ഥലം കാട്ടു പിടിച്ച് കിടക്കുന്നുണ്ടെന്നും ആയതിൽ 10 ഏക്കർ സ്ഥലം ലൈഫ് പദ്ധതിക്കു വേണ്ടി മാറ്റി വയ്ക്കണമെന്നും ബഹു. മുഖ്യമന്ത്രിയുടെ അവലോനയോഗത്തിൽ ബഹു. പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ചു.

ലൈഫിനു വേണ്ടി നഗരസഭകളുടെ കൈവശമുള്ളതും ശേഷം ആവശ്യമുണ്ടെങ്കിൽ മറ്റു വകുപ്പുകളുടെ ഉടൻ ആവശ്യമില്ലാത്ത സ്ഥലം കണ്ടെത്തി ലൈഫ് മിഷനെ അറിയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

കൊച്ചി സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം വളരെ പിറകിലാണെന്ന് അഭിപ്രായപ്പെട്ടു.

ലൈഫ് മിഷൻ പദ്ധതിയൽ കൊല്ലം, തിരുവനന്തപുരം, കൊച്ചി ഒഴികെയുള്ള എല്ലാ നഗരങ്ങൾക്കും ഈ വർഷം PMAY യുടെ വിഹിതം പൂർണ്ണമായും ലഭ്യമാകുന്നതാണെന്ന് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, കൊച്ചി എന്നീ നഗരങ്ങൾ എത്രയും പെട്ടെന്ന് സ്ഥലം കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

ലൈഫ് മിഷൻ ഈ വർഷം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണമാണ് ഉദ്ദേശിക്കുന്നതെന്നും ആയതിനുള്ള ഫണ്ട് പല നഗരസഭകളും മാറ്റി വച്ചിട്ടില്ലാ എന്നും ഫണ്ട് മാറ്റി വയ്ക്കാത്ത സാഹചര്യം ഉണ്ടായാൽ ലൈഫ് മിഷന്റെ പ്രധാന ലക്ഷ്യമായ കഴിഞ്ഞ വർഷം വരെ കൊടുത്ത അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം സാധിക്കാതെ വരുന്നതാണെന്നും ആയതിനാൽ ഫണ്ട് എത്ര ആവശ്യമുണ്ടെന്നും ഇത് കൗൺസിൽ അജണ്ട വച്ച് പാസ്സാക്കേണ്ടതാണെന്നും അറിയിച്ചു.

നഗരസഭകളിലെ മാലിന്യ സംസ്കരണവും ജസസ്രോതസ്സുകളുടെ ശുചീകരണവും ജലസംഭരണവും മലിന ജലത്തിന്റെ ട്രീറ്റമെന്റും,നഗരകൃഷി (Urban Agriculture)

എന്നിവയ്ക്കു വേണ്ടി സെൻട്രൽ ഗവൺമെന്റ് സ്കീമുകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചു.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ബിൽഡിംഗ് പെർമിറ്റ് നൽകുന്നതു സംബന്ധിച്ചുള്ള ഫയൽ അദാലത്ത് നടത്തിയെങ്കിലും 11 മാസക്കാലം പെൻഡിംഗായിരുന്ന ഫയൽ 04/01/2017 ൽ നടത്തിയ അദാലത്തിൽ RPP ക്ക് അയച്ച അഭിപ്രായം വാങ്ങി തീരുമാനമെടുക്കാൻ ബഹു. മന്ത്രി എഴുതി ഒപ്പിട്ട വിവരം ഈ ഫയലിൽ നാളിതുവരെ യാതൊരു നടപടിയും കൈക്കൊള്ളാതിരുന്ന സെക്രട്ടറിയുടെ ACR ൽ 'Unfit for this post' എന്ന രേഖപ്പെടുത്തേണ്ടിവരുമെന്ന് അറിയിച്ചു.

മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ജില്ലാ ആസ്ഥാനത്തുള്ള നഗരസഭകളുടെയും അൻപതിനായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭകളിലയും സെക്രട്ടറിമാരുടെ പെർഫോർമൻസ് അപ്പ്രൈസലിൽ ഇനി മുതൽ 20 പ്രധാനപ്പട്ട പോയിന്റുകൾ ഉണ്ടാകുമെന്നും പദ്ധതി നിർവ്വണത്തിലെ ആഴ്ചതോറുമുള്ള അവലോകനത്തിന്റെ (ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെഉള്ള) **Excel Sheet** ൽ ഉള്ള ചാർട്ടും ഗ്രാഫും (എസ് സി പി/ടി എസ് പി കൂടിയുള്ള ഗ്രാഫ്) പെർഫോർമൻസ് അപ്പ്രൈസലിന്റെ ഭാഗമാകുന്നതാണെന്ന് അറിയിച്ചു.

ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകളുടെ എണ്ണം (ഒരു മാസത്തിൽ കൂടുതൽ ആയവ) ആകെയുള്ള എണ്ണത്തിന്റെ ശതമാനം എത്രയാണോ അതനുസരിച്ച് നെഗറ്റീവ് മാർക്ക് നൽകുന്നതാണെന്ന് അറിയിച്ചു.

**AMRUT, PMAY, NULM** എന്നീ പദ്ധതികളുടെ മാസംതോറുമുള്ള പ്രോഗ്രസ്സിന്റെ സ്പ്രെഡ് ഷീറ്റ് സ്വയം പൂരിപ്പിച്ച് നൽകേണ്ടതാണെന്ന് അറിയിച്ചു.

ഫുഡ് വേസ്റ്റ് മാനേജ്മെന്റിനു വേണ്ടി ജൂലൈ 20 ന് നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ ഒരു സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടെന്നും വളരെ ചുരുക്കം നഗരസഭകൾ മാത്രമെ ഇക്കാര്യത്തിൽ നടപടി എടുത്തിട്ടുള്ളൂ എന്നും സെപ്റ്റംബർ 20 നു ശേഷം ഫുഡ് വേസ്റ്റ് സംസ്കരണത്തിന് സ്വന്തമായി സംവിധാനം ഇല്ലാത്തവർക്ക് ഡി & ഒ ലൈസൻസ് നൽകേണ്ടതില്ലെന്ന് നിർദ്ദേശമുണ്ടായിട്ടും ഇക്കാര്യത്തിൽ കാര്യമായ പുരോഗതി ഒന്നും ഉണ്ടായിട്ടില്ലാ എന്നും ആയത് നിരീക്ഷിക്കേണ്ടതാണെന്നും അറിയിച്ചു.

93 നഗരസകളുടെയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ് ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പ് എന്നും ആയതിന് എല്ലാ നഗരസഭാ സെക്രട്ടറിമാരുടെയും സഹായസഹകരണം ഉണ്ടായിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

ഡിസംബഡർ അവസാനത്തോടു കൂടി തിരുവനന്തപുരം, വർക്കല, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ **'Intelligent Building Plan Monitoring Software'** കൊണ്ടുവരാനുള്ള ശ്രമത്തിലാണെന്നും ആയതിനുള്ള കോർ ടീമിനെ പരിശീലിപ്പിക്കുകയും ആവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതാണെന്നും അറിയിച്ചു. സ്റ്റേറ്റ് ലെവൽ

നോഡൽ ഓഫീസർ നഗരകാര്യ വകുപ്പ് ഡയറക്ടറായിരിക്കും. **IBPMS** നന്നായി നടക്കുന്ന നഗരങ്ങൾ കാണാനാഗ്രഹമുള്ളവർ അറിയിച്ചാൽ ആയതിനുള്ള സംവിധാനം ഏർപ്പെടുത്താമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ആദ്യം 4 നഗരങ്ങളിലും അതിന്റെ തുടർച്ചയായി എല്ലാ നഗരങ്ങളിലും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിച്ചു.

പെർഫോർമൻസ് അപ്രൈസൽ തയ്യാറാക്കുന്നതിനുള്ള പ്രൊഫോർമ ജനുവരി 1 ന് ലഭ്യമാക്കുന്നതാണെന്നും ആയത് ജനുവരി 31 നകം കോൺഫിഡൻഷ്യൽ റിപ്പോർട്ട്, സെൽഫ് അപ്രൈസൽ സഹിതം റിപ്പോർട്ടിംഗ് ഓഫീസർക്ക് ആമുഖ കത്ത് സഹിതം വച്ച നൽകേണ്ടതാണെന്നും ടി ആമുഖ കത്തിന്റെ പകർപ്പ് നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. അങ്ങനെ കൃത്യസമയത്ത നൽകാത്തവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് നഗരകാര്യ ഡയരക്ടറേറ്റിൽ തയ്യാറാക്കേണ്ടതാണെന്നും എല്ലാ കോളങ്ങളിലും 'ഡി' മാർക്ക് രേഖപ്പെടുത്തേ ണ്ടതാണെന്നും നിർദ്ദേശിച്ചു. ഇനി മുതൽ സൂപ്രണ്ട് തസ്തിക മുതലുള്ള എല്ലാവർക്കും കോൺഫിഡൻഷ്യൽ റിപ്പോർട്ട് നിർബന്ധമായിരിക്കുമെന്നും അറിയിച്ചു. ജനുവരി 31 നകം സി ആർ ലഭ്യമാക്കിയില്ലെങ്കിൽ ഫെബ്രുവരി ആദ്യവാരത്തിൽ നഗരകാര്യ ഡയറരക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ആയതിനുള്ള പൂർണ്ണ ഉത്തരവാദിത്വം നഗരസഭാ സെക്രട്ടറിമാർക്ക് മാത്രമായിരിക്കുമെന്നും അറിയിച്ചു.

സെക്രട്ടറിമാർ വർക്ക് ഡെലിഗേഷൻ ഓർഡർ കൊടുത്താൽ മാത്രം പോരെന്നും ഡെലിഗേഷൻ കൊടുത്തത് കൃത്യമായി ഡെലിഗേറ്റഡ് ഓഫീസർ ചെയ്യുന്നുണ്ടോ എന്ന് ഉറപ്പ വരുത്തേണ്ടതും നിരീക്ഷിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചു. PMAY, AMRUT, SMART City തുടങ്ങിയ കാര്യങ്ങൾ ഡെലിഗേഷൻ ചെയ്യാം പക്ഷേ പ്രധാനപ്പെട്ട തീരുമാനങ്ങൾ സെക്രട്ടറിയുടെ അറിവോടെ മാത്രം ആയിരിക്കണമെന്നും മാനദണ്ഡങ്ങൾക്ക വിരുദ്ധമായി ചെയ്താൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം നഗരസഭാ സെക്രട്ടറിക്ക് ആയിരിക്കുമെന്നും അറിയിച്ചു.

കഴിഞ്ഞ ഒന്നര വർഷമായിട്ട് അമൃത് ന്റെ ഡി പി ആർ തയ്യാറാക്കി നൽകാത്ത നഗരസഭാ സെക്രട്ടറിമാർ വളരെ നിസ്സംഗരായി പ്രതികരിക്കുകയാണെന്നും നവംബർ 30 നകം ഡി പി ആറും ഡിസംബർ 31 നകം ഭരണാനുമതിയും വാങ്ങിയിട്ടില്ലെങ്കിൽ ആയത് വളരെ ഗൗരവമായ കൃത്യവിലോപമായി കണ്ട് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

5 മുനിസിപ്പൽ കോർപ്പറേഷനുകളിലും തലശ്ശേരി, ആലപ്പുഴ എന്നീ നഗരസഭകളിലും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കിയിരുന്നു. എല്ലാ മാസത്തിന്റെയും അവസാനത്തെ ദിവസം മേയർ/ചെയർമാൻ/വൈസ് ചെയർമാൻ/സെക്രട്ടറി/റവന്യൂ ഓഫീസർ/ഫിനാൻസിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് **Receipt& Payment, Income& Expenditure, Balance Sheet, DCB** എന്നിവ

പരിശോധിക്കാറുണ്ടായിരുന്നുവെന്നും ആയത് ഇപ്പോൾ എല്ലാ പേരും പരിശോധിക്കാറുണ്ടോ എന്ന് ആരാഞ്ഞു. ACR പ്രൊഫോർമയിൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചു.

ഡി പി സി (ഹയർ) ഡിസംബർ 14 ന കൂടുന്നതാണെന്നും പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ളവർ ആതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും, മൈനർ പെനാൽറ്റി ഉണ്ടെങ്കിൽ ആയത് തീർപ്പാക്കേണ്ടതാണെന്നും അറിയിച്ചു.

ഹരിത വി കുമാർ ഐ എ എസ് – നഗരകാര്യ ഡയറക്ടർ

അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതി

അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതി സ്റ്റേറ്റ് കൗൺസിൽ കൂടിയതിനു ശേഷം പണം ചെലവഴിക്കാത്ത തുക മഞ്ചേരി നഗരസഭ നഗരകാര്യ ഡയറക്ടർക്ക് ഡി ഡി മുഖാന്തിരം തിരിച്ചൊടുക്കിയിട്ടുള്ളതായിട്ട് അറിയിച്ചു. ടി പദ്ധതിക്കായി ലഭിച്ചിട്ടുള്ള തുകയിൽ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായിട്ടുള്ള 6 ശതമാനം തുകയുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി ലഭ്യമാക്കാൻ അറിയിച്ചു. ലേബർ ബഡ്ജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ മാർച്ചിനു മുമ്പ് അപ്രൂവൽ ലെവൽ ചെയ്യണമെന്നും ജനുവരി 8-ന മുമ്പ് ഇംപ്ലിമെന്റ് ചെയ്യുന്നതിനായി ലേബർ ബഡ്ജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചു. അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതിയുടെ പരിശീലനം ഡിസംബർ മാസം കിലയിൽ വച്ച് നടത്തുന്നതിനും ടി പരിശീലനത്തിൽ കൗൺസിലർമാരെകൂടി ഉൾപ്പെടുത്താനും തീരുമാനിച്ചു. ആന്തൂർ നഗരസഭയോട് നവംബർ 30 ന മുമ്പായി കൗൺസിൽ പാസ്സാക്കി പ്രോജക്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ പെൻഡിംഗുള്ള ലേബർ ബഡ്ജറ്റ് ആക്ഷൻ പ്ലാൻ എന്നിവ നഗരകാര്യ ഡയറക്ടറേറ്റിലേക്ക് ഉടൻ അയക്കാൻ നിർദ്ദേശിച്ചു. നിശ്ചിത തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാത്തവർക്ക് ഭരണച്ചെലവുകൾ ചെലവഴിക്കാൻ സാധിക്കില്ലാ എന്നും അറിയിച്ചു.

മുനിസിപ്പൽ സെക്രട്ടറിമാർക്ക് നൽകുന്ന കാരണം കാണിക്കൽ നോട്ടീസ് ഫോളോ അപ് ചെയ്യുന്നതിന് ഒരാളെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും C U G മൊബൈൽ നം. കണക്ഷൻ എടുക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി നഗരകാര്യ ഡയറക്ടർക്ക് അയക്കുവാനും ആയതിന് ആവശ്യമായ ഉത്തരവ് നൽകാമെന്നും അറിയിച്ചു.

നഗരസഭാ ജീവനക്കാർക്ക് ജനറൽ, ഹെൽത്ത്, പ്ലാൻ, പബ്ലിക് വർക്സ് , റവന്യൂ, അക്കൗണ്ട്സ് എന്നീ വിഭാഗങ്ങളിൽ പ്രത്യേകം ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ച് നഗരസഭാ സെക്രട്ടറി ഉത്തരവ് നൽകി നഗരകാര്യ ഡയറക്ടർക്ക് നൽകുന്നതിന് സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് കോൺഫിഡൻഷ്യൽ

റിപ്പോർട്ട് റിവ്യൂ ചെയ്ത് നഗരകാര്യ ഡയറക്ടറേറ്റിൽ അയച്ചു തരുന്നതിനും നിർദ്ദേശിച്ചു. ടി പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

ജനറൽ – ശ്രീ. ജയകുമാർ, ശ്രീമതി അനുജ

ഹെൽത്ത് –

പ്ലാൻ – ശ്രീ. വി ആർ രാജു

പബ്ലിക് വർക്സ് – ശ്രീ. രാധാകൃഷ്ണൻ

അക്കൗണ്ട്സ് – സൈഫുദ്ദീൻ

**പദ്ധതി അവലോകനം**

14–◌ാ◌ം ധനകാര്യ കമ്മീഷന്റെ രണ്ടാമത്തെ ഗഡു സർക്കാറിൽ നിന്നും അനുവദിച്ചിട്ടില്ലാ എന്നും കൊല്ലം നഗരസഭയ്ക്ക് ടി തുക ലഭിച്ചാൽ മാത്രമെ ബില്ല നൽകാൻ കഴിയൂ എന്നും തിരുവനന്തപുരം, രാമനാട്ടുകര, ഇരിട്ടി, മുക്കം തുടങ്ങിയ നഗരസഭകൾ ടി പ്രശ്നം ഉന്നയിച്ചു.

ജി എസ് ടി മൂലം നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായ മാന്ദ്യം പരിപൂർണ്ണമായും മാറിയിട്ടില്ലാ എന്നും നഗരസഭാ സെക്രട്ടറിമാർ അറിയിച്ചു.

കൊല്ലത്ത് 279 പ്രോജക്ടുകളിൽ 66 എണ്ണം പ്രോജക്ടുകൾ മാത്രമെ ടെണ്ടർ ചെയ്തിട്ടുള്ളൂ എന്നും 26 എണ്ണം മാത്രമാണ് കരാർ ഒപ്പുവച്ചിട്ടുള്ളതെന്നും കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

തൃശ്ശൂർ നഗരസഭയിൽ 60 ശതമാനം ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളതായി അറിയിച്ചു.

കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരസഭകളിൽ നവംബർ ഒന്നിനു ശേഷം ടെണ്ടർ ചെയ്തിട്ടില്ലാ എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

ആലപ്പുഴ നഗരസഭയിൽ ജി എസ് ടി യുടെ പ്രശ്നം നിലവിലുണ്ടെന്നും ഗുണഭോക്തൃ ലിസ്റ്റ് കൈമാറിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

ഈരാറ്റുപേട്ട നഗരസഭയിൽ ഡിപ്പോസിറ്റ് വർക്ക് ഇല്ലാ എന്നും 10 ശതമാനം പദ്ധതി ചെലവ് വർദ്ധിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

പുനലൂർ നഗരസഭയിൽ 1.75 കോടി രൂപയുടെ ബില്ലുകൾ ട്രഷറിയിലുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

കൊല്ലം നഗരസഭയിൽ അടുത്ത മാസം പദ്ധതി ചെലവ് 50 ശതമാനത്തിലധിക മാകുന്നതാണെന്ന് സെക്രട്ടറി ഉറപ്പു നൽകി. ഈ മാസം തന്നെ 7 ശതമാനം ചെലവുണ്ടാകുന്നതാണെന്നും 10 ലക്ഷത്തിനു മുകളിലുള്ള ബില്ലുകൾ ട്രഷറിയിൽ മാറുന്നില്ലാ എന്ന് റിപ്പോർട്ട് ചെയ്തു.

തൃശ്ശൂർ നഗരസഭയിൽ 2.5 കോടി രൂപയുടെ ബിൽ തയ്യാറാക്കിയിട്ടുണ്ടെന്നും അടുത്ത മാസം പദ്ധതി ചെലവ് 35 ശതമാനത്തിലധികമാകുന്നതാണെന്നും സെക്രട്ടറി പറഞ്ഞു.

പദ്ധതി ചെലവ് , ചെലവ് ശതമാനം തുടങ്ങിയവ കുറയുവാനുള്ള കാരണമായി സെക്രട്ടറിമാർ ഉന്നയിച്ച പ്രശ്നങ്ങൾ

| ക്രമ നം. | നഗരസഭ | 17/11/2017 ലെ പദ്ധതി ചെലവ് | ടാർഗെറ്റ് | റിമാർക്സ് |
|---|---|---|---|---|
| 1 | കോട്ടക്കൽ | 12.91 | 30 | ഓവർസീയർ ഇല്ല എന്നും 60 ലക്ഷത്തിന്റെ ബില്ല ട്രഷറിയിലാണെന്നും ഓവർസീയർ ഇല്ലാ എന്നും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നാട്ടുകാർ സമ്മതിക്കുന്നില്ലാ എന്നും 2.85 കോടി രൂപയുടെ പദ്ധതികൾ റിവൈസ് ചെയ്യേണ്ടതായി വന്നുവെന്നും ഡിപ്പോസിറ്റ് വർക്കുകൾ എല്ലാം ചെയ്തുവെന്നും ഏതാനും പദ്ധതികളിൽ റീ-ടെണ്ടർ ആവശ്യമാണെന്നും എഞ്ചിനീയറിംഗ് വർക്കുകളാണ് പെൻഡിംഗുള്ളതെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. |
| 2 | കൊടുവള്ളി | 14.20 | 30 | 1.3 കോടി രൂപയുടെ എഞ്ചിനീയറിംഗ് വർക്കുകളാണ് ഉള്ളതെന്നും ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നതായും ബെനഫിഷ്യറി പ്രോജക്ടുകളാണ് കൂടുതലുള്ളതെന്നും വാർഡ്സഭ കൂടാൻ വൈകിയതിനാലാണ് പദ്ധതി ചെലവ് കുറഞ്ഞതെന്നും അറിയിച്ചു. പാർട്ട് ബില്ലുകൾ ട്രഷറിയിൽ നൽകുവാൻ നിർദ്ദേശിച്ചു. |
| 3 | ശ്രീകണ്ഠാപുരം | 16.01 | | 10 ലക്ഷം രൂപയുടെ ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗാണെന്നും നഗരസഭയിൽ എഞ്ചിനീയർ ഇല്ലാത്തതിനാൽ എഞ്ചിനീയറിംഗ് വർക്കുകൾ പെൻഡിംഗായെന്നും പുതിയ ആൾ ചുമതലയെടുത്തിട്ടുള്ളതായി അറിയിച്ചു. |
| 4 | തൃക്കാക്കര | 16.29 | | 1.28 കോടി രൂപയുടെ ബില്ലുകൾ ട്രഷറിയിലാണെന്നും സ്പിൽ ഓവർ പദ്ധതികൾ കുറവാണെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. |
| 5 | രാമനാട്ടുകര | 17.19 | 40 | ഫിനാൻസ് കമ്മീഷന്റെ ഗ്രാന്റിന്റെ രണ്ടാം ഗഡു ലഭിക്കാത്തിനാൽ ബില്ലുകൾ നൽകാൻ കഴിയുന്നില്ല എന്നും 57 ലക്ഷത്തിന്റെ ബില്ലുകൾ ട്രഷറയിലാണെന്നും അറിയിച്ചു. |
| 6 | കോട്ടയം | 17.90 | | 2.60 കോടി രൂപയുടെ പദ്ധതികൾക്ക് ഫിനാൻസിന്റെ വെയ്സ് & മീൻസ് ക്ലീയറൻസ് ലഭിക്കാനുണ്ടെന്നും 1.12 കോടി രൂപയുടെ ഡിപ്പോസിറ്റ് വർക്കുകൾ ഉണ്ടന്നും നഗരസഭാ എഞ്ചിനീയർ ഇല്ലാതിരുന്നതിനാൽ എഞ്ചിനീയർ വർക്കുകളുടെ ശതമാനം കുറയാൻ കാരണമായെന്നും <u>സ്പിൽ ഓവർ പദ്ധതികൾ കുറവാണെന്നും അറിയിച്ചു.</u> |
| 7 | കാസറഗോഡ് | 17.90 | | 80 ലക്ഷം രൂപയുടെ ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗാണെന്നും ഡിപ്പോസിറ്റ് വർക്കുകൾ കൂടതലാണെന്നും ഉപഭോക്തൃ |

| | | | | |
|---|---|---|---|---|
| | | | | ലിസ്റ്റ് നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതാണെന്നും അറിയിച്ചു. |
| 8 | പന്തളം | 18.39 | 50 | 12 ലക്ഷം രൂപയുടെ ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗാണെന്നും ജീവനക്കാരുടെ കുറവുള്ളതിനാൽ പദ്ധതി വിഹിതം ചെലവഴിക്കുന്നതിന് കാലതാമസം വന്നിട്ടുള്ളതായി നഗരസഭാ സെക്രട്ടറി അറിയിച്ചു. |
| 9 | തിരൂരങ്ങാടി | 18.41 | | ജി എസ് ടി വന്നതിനാൽ പല പദ്ധതികളിലും റീ-ടെണ്ടർ ആവശ്യമാണെന്നും ബില്ലുകൾ ട്രഷറയിൽ പെൻഡിംഗാണെന്നും എഞ്ചിനീയറിംഗ് സ്റ്റാഫ് ഇല്ലാത്തതിനാൽ എഞ്ചിനീയറിംഗ് പദ്ധതികൾ പെൻഡിംഗിലാണെന്നും അറിയിച്ചു. പട്ടികജാതി വികസന പ്രോജക്ടുകൾ സെക്രട്ടറി നേരിട്ട് തുടങ്ങിയിട്ടുള്ളതായി അറിയിച്ചു. |
| 10 | വടക്കാഞ്ചേരി | 18.49 | | ജി എസ് ടി വന്നതിനാൽ പല പദ്ധതികളിലും റീ ടെണ്ടർ ആവശ്യമാണെന്നും സാങ്കേതികാനുമതി ലഭിക്കുവാനുള്ള പദ്ധതികൾ ഉണ്ടെന്നും ടെണ്ടർ റിവൈസ് ചെയ്യാനുള്ളതിനാൽ പദ്ധതി വൈകാൻ കാരണമായെന്നും 20 ലക്ഷം രൂപയുടെ ബില്ല് ട്രഷറിയിൽ പെൻഡിംഗ് ഉണ്ടെന്നും ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകൾ ഗൈഡ് ലൈൻ പ്രകാരം നടപ്പാക്കാൻ കഴിയുന്നില്ലാ എന്നും ആയത് തനത് ഫണ്ട് പ്രോജക്ടായി മാറ്റേണ്ടതുണ്ട് എന്നും അപ്രകാരം മാറ്റം വരുത്തുവാൻ കഴിയുന്നതല്ലാ എന്നും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനുള്ള ഡിപ്പോസിറ്റ് വർക്ക് ചെയ്യുവാൻ ബാക്കിയുണ്ടെന്നും അറിയിച്ചു. |

## പുതിയ നഗരസഭകൾ ഡി പി ആർ സമർപ്പിക്കുന്നത് സംബന്ധിച്ച അവലോകനം

| ക്രമ നം | നഗരസഭ | റിമാർക്സ് |
|---|---|---|
| 1 | ഹരിപ്പാട് | നവംബർ 30 നകം ഡി പി ആർ സമർപ്പിക്കുമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു. |
| 2 | മുക്കം | ഡിസംബർ 5 നകം ഡി പി ആർ സമർപ്പിക്കുമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു (സ്ഥലം ഏറ്റെടുക്കൽ പ്രപ്പോസൽ) |
| 3 | ആന്തൂർ | 16 കോടിയുടെ ഡി പി ആർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതായി അറിയിച്ചു. |
| 4 | ചെർപ്പുളശ്ശേരി | സ്ഥലം ലഭ്യമല്ലാത്തതിനാൽ ഡി പി ആർ തയ്യാറാക്കാൻ സാധിച്ചിട്ടില്ലാ എന്ന് അറിയിച്ചു, |
| 5 | പിറവം | ഡിസംബർ ആദ്യവാരത്തിൽ ഡി പി ആർ തയ്യാറാക്കാൻ നിർദ്ദേശിച്ചു. |
| 6 | പട്ടാമ്പി | ഡിസംബർ 10 നകം ഡി പി ആർ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു. |
| 7 | കൂത്താട്ടുകുളം | കെ യു ആർ ഡി എഫ് സി യിൽ നിന്നും ലോണെടുക്കുന്നതിനായി കൗൺസിൽ തീരുമാനിച്ചിട്ടുള്ളതായും ടി വിഷയം പുനപരിശോധിക്കാമെന്നും സെക്രട്ടറി അറിയിച്ചു. |

| | | |
|---|---|---|
| 8 | താനൂർ | പണികൾ നടന്നുവരുന്നതായി അറിയിച്ചു. |
| 9 | പാനൂർ | സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 3 കോടി രൂപയുടെ പ്രപ്പോസൽ സമർപ്പിച്ചിട്ടുള്ളതായി അറിയിച്ചു. |
| 10 | രാമനാട്ടുകര | സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കേണ്ടതായുണ്ട്. |
| 11 | ഈരാറ്റുപേട്ട | 2 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നതായി അറിയിച്ചു. |
| 12 | വടക്കാഞ്ചേരി | ഡിസംബർ 10 നകം ഡി പി ആർ സമർപ്പിക്കാമെന്ന് അറിയിച്ചു. |
| 13 | നീലേശ്വരം | 2010 ൽ രൂപീകരിക്കപ്പെട്ട നഗരസഭകൾക്ക് ടി പദ്ധതിയിൽ പ്രപ്പോസൽ സമർപ്പിക്കാമോ എന്ന് പരിശോധിച്ച് വിവരം അറിയിക്കാമെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു. |
| 14 | കൊട്ടാരക്കര | ഡിസംബർ 5 നകം ഡി പി ആർ സമർപ്പിക്കുമെന്ന് അറിയിച്ചു. |
| 15 | പന്തളം | 26 ലക്ഷം രൂപയുടെ സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു. |
| 16 | ഇരിട്ടി | നിലവിലുള്ള കെട്ടിടത്തിന് കൂട്ടിച്ചേർക്കൽ പണികൾ നടത്തുന്നതിന് പദ്ധതി സമർപ്പിക്കാൻ സാധിക്കുമോ എന്ന് ആരാഞ്ഞു. ടി വിഷയം പരിശോധിച്ച് വിവരം അറിയിക്കാമെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു. |
| 17 | മാനന്തവാടി | പുതിയ കെട്ടിടം നിലവിലുള്ളതായി സെക്രട്ടറി അറിയിച്ചു. |
| 18 | മലപ്പുറം | മത്സ്യ മാർക്കറ്റിനുള്ള പദ്ധതി തയ്യാറാക്കി അയച്ചുതരാമെന്നും അറിയിച്ചു. |
| 19 | കണ്ണൂർ | കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന് ആധുനിക രീതിയിലുള്ള ശ്മശാനം നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ സമർപ്പിച്ചിട്ടുള്ളതായും മറ്റ് നഗരസഭകൾ ഡിസംബർ 15 നകം ഡി പി ആർ സമർപ്പിക്കണമെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചു. |

## പ്രോവിഡന്റ് ഫണ്ട്

നഗരസഭാ ജീവനക്കാരുടെ പി എഫ് ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിലേക്കായി പി എഫ് സംബന്ധമായ ജീവനക്കാരുടെ വിവരങ്ങൾ ഐ കെ എം തയ്യാറാക്കിയിട്ടുള്ള സ്ഥാപന സേഫ്റ്റ് വെയറിൽ എൻട്രി നടത്തി അംഗീകരിക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാരോടും ആവശ്യപ്പെട്ടിരുന്നെങ്കിലും ഭൂരിഭാഗം നഗരസഭകളിലും 2013-14 വരെ മാത്രമെ കണക്കുകകൾ അംഗീകരിച്ചിട്ടുള്ളൂ ഇതിൽ തന്നെ എല്ലാ വർഷങ്ങളിലെയും കണക്കുകൾ അംഗീകരിച്ചിട്ടില്ല. ചില നഗരസഭകളിലെ കണക്കുകൾ പരിശോധിച്ചതിൽ 2008-09 വരെ മാത്രമെ അംഗീകരിച്ച് കാണുന്നുള്ളൂ ആയതിനാൽ ജീവനക്കാരുടെ പി എഫ് കണക്കുകൾ സ്ഥാപന സോഫ്റ്റ് വെയറിൽ ഒരാഴ്ചക്കുള്ളിൽ ഡാറ്റാ എൻട്രി നടത്തി അംഗീകരിച്ച് അയക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാരോടും ആവശ്യപ്പെട്ടു.

കൂടാതെ ജീവനക്കാരുടെ സേവനകാലയളവിലെ ചില വർഷങ്ങൾ ഒഴിവാക്കിയാണ് നഗരസഭകളിൽ നിന്നും അംഗീകരിച്ചിട്ടുള്ളത്. ആയത് ബന്ധപ്പെട്ട ജീവനക്കാർക്ക തന്നെ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ സ്ഥാപന സോഫ്റ്റ് വെയറിൽ പുതിയതായി ചേർത്തിട്ടുള്ള മിസ്സിംഗ് ക്രെഡിറ്റ് ഓപ്ഷനിൽ എൻട്രി നടത്തുന്നതിന് ജീവനക്കാരുടെ പിൻ സഹിതം 09/10/2017 ലെ പി എഫ്2-9908/2015 പ്രകാരം നടപടി സ്വീകരിക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാരോടും ആവശ്യപ്പെട്ടുട്ടുണ്ട്. ടി കത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാർക്കും അറിയിപ്പ് നൽകി മിസ്സിംഗ് ക്രെഡിറ്റ് പരിശോധിച്ച് എൻട്രി വരുത്തേണ്ടതാണെന്ന് അറിയിച്ചു.

കൂടാതെ നഗരസഭാ ജീവനക്കാരുടെ പി എഫ് വിഹിതം പിടിക്കുന്നത് അതത് മാസം 15-ാം തീയതിക്കകം ഒടുക്കേണ്ടതാണെന്ന വ്യവസ്ഥയിരിക്കെ ചില നഗരസഭകളിൽ നിന്നും മാസങ്ങളായി ടി തുക സി പി എഫ് ൽ ഒടുക്കിയിട്ടില്ലാ എന്നും ആയത് പലിശ സഹിതം അടിയന്തരമായും ഒടുക്കേണ്ടതാണെന്നും തുക ഒടുക്കാത്ത പക്ഷം പി എഫ് അലോട്ട്മെന്റ് അനുവദിക്കുന്നതിന് കഴിയില്ലെന്നും അറിയിച്ചു. വൈക്കം നഗരസഭയിൽ നിന്നും 2012 നു ശേഷം പി എഫ് അലോട്ട്മെന്റ് ഒടുക്കിട്ടില്ലാ എന്നും ആയത് അടിയന്തരമായി ഒടുക്കു വരുത്തേണ്ടതാണെന്നും അറിയിച്ചു. അതുപോലെ തന്നെ ഡി എ / പി ആർ എ കുടിശ്ശിക കൃത്യമായും സി പി എഫ് ൽ ഒടുക്കാത്തതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പല നഗരസഭകളിൽ നിന്നും തുക ഒടുക്കിയിട്ടില്ല. ആയത് പല വ്യവഹാരങ്ങൾക്കും ഇടയാക്കുന്നു. ഇതു സംബന്ധിച്ച് 22/03/2017 ൽ പി എഫ്2-1660/2011ലെ കത്തിലെ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.

**ലൈഫ് മിഷൻ (ശ്രീ. ബിനു ഫ്രാൻസിസ്)**

ലൈഫിന്റെ രണ്ടാം ഘട്ട അപ്പീൽ ലിസ്റ്റ് 30 നഗരസഭകൾ ഡാറ്റാ എൻട്രി നടത്തിയിട്ടില്ലാ എന്നും 20/11/2017 നു മുമ്പ് എല്ലാ നഗരസഭകളും ഡാറ്റാ എൻട്രി പൂർത്തിയാക്കണമെന്നും കുടംബശ്രീ പ്രോജക്ട് ഓഫീസർ അറിയിച്ചു. അപ്പീൽ ലിസ്റ്റ് തയ്യാറാക്കാത്ത 40 നഗരസഭകൾ ഉണ്ടെന്നും നഗരസഭകൾ സോഫ്റ്റ് വെയർ ഓൺ ലൈൻ ചെയ്താൽ മാത്രമെ ലൈഫ് മിഷന് അറിയാൻ കഴിയൂ എന്നും ഗുണഭോക്തൃ ലിസ്റ്റ് വാർഡ്സഭയിൽ ചർച്ച ചെയ്ത് പൂർത്തിയാക്കാത്ത ഭവനങ്ങൾ 8600 എണ്ണം നഗരസഭ കളിലുണ്ടെന്നും ആയതിലേക്ക് ഫണ്ട് വകയിരുത്തണമെന്നും പദ്ധതി ഭേദഗതി ചെയ്ത തുക കണ്ടെത്തണമെന്നും അറിയിച്ചു. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ യോഗം നടത്തണമെന്നും യോഗം നടത്താത്ത നഗരസഭകൾ 10 ദിവസത്തിനകം ചേരണമെന്നും മാർഗ്ഗനിർദ്ദേശം കൗൺസിലിൽ ചർച്ച ചെയ്ത് കർമ്മപരിപാടി തയ്യാറാക്കണമെന്നും നിർദ്ദേശിച്ചു.

**PMAY& NULM** (ശ്രീ. ഹരികിഷോർ ഐ എ എസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

PMAY ഭവന പദ്ധതിയിൽ അന്തിമ ഡി പി ആർ സമർപ്പിക്കാത്ത 19 നഗരസഭകളുണ്ടെന്നും നാളിതുവരെ വീട്ടു നിർമ്മാണം ആരംഭിക്കാത്ത നഗരസഭകളുടെ പ്രശ്നങ്ങൾ പ്രത്യേക അവലോകനം നടത്തി. ടി നഗരസഭകളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം
2. കൊച്ചി
3. കൊല്ലം
4. ആലപ്പുഴ
5. പാലക്കാട്
6. പയ്യന്നൂർ
7. തൃശ്ശൂർ
8. കൊയിലാണ്ടി
9. പൊന്നാനി
10. നീലേശ്വരം

11. നെയ്യാറ്റിൻകര
12. ഫറോക്ക്
13. അടൂർ
14. തിരൂർ
15. ചാവക്കാട്
16. ഹരിപ്പാട്
17. കാഞ്ഞങ്ങാട്
18. കോതമംഗലം
19. തിരൂരങ്ങാടി

Housing for All Plan of Action (HFAPoA) സമർപ്പിച്ച 22 നഗരസഭകളെ അഭിനന്ദിച്ചു. ജിയോ ടാഗിംഗ് ആരംഭിക്കാത്ത നഗരസഭകളോട് ഉടൻ ആരംഭിക്കാൻ നിർദ്ദേശിച്ചു. PMAY പദ്ധതിയുടെ ഫിസിക്കൽ പ്രോഗ്രസ്സ് 0% ൽ ഉള്ള നഗരസഭയുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. കൊടുവള്ളി
2. മാനന്തവാടി
3. നിലമ്പൂർ
4. പാലാ
5. ഏറ്റുമാനൂർ
6. പന്തളം
7. പരപ്പനങ്ങാടി
8. സുൽത്താൻ ബത്തേരി
9. ചെങ്ങന്നൂർ
10. അടൂർ
11. വളാഞ്ചേരി

ടി പദ്ധതിയിൽ സ്ഥലം കണ്ടെത്തിയത് ഫീസിബിൾ ആണോ എന്ന നഗരസഭാ എഞ്ചിനീയറുടെ റിപ്പോർട്ട് ഡിസംബർ 15 നകം കൊണ്ടുവരാനും ആയതോടൊപ്പം കൗൺസിൽ തീരുമാനം എത്തിക്കുവാനും അറിയിച്ചു.

**NULM**

തെരുവ് കച്ചവടക്കാരുടെ ഐ ഡി കാർഡ്, സ്കിൽ ട്രെയിനിംഗ്, വെൻഡർ സോൺ എന്നിവ ഉടൻ പൂർത്തിയാക്കാൻ നിർദ്ദേശിച്ചു. ഐഡി കാർഡ് വിതരണം ചെയ്യാത്ത 7 നഗരസഭകളോട് (തിരുവനന്തപുരം, കുന്നംകുളം, ഒറ്റപ്പാലം, പട്ടാമ്പി, തിരൂരങ്ങാടി, തിരൂർ, ചേർത്തല) എത്രയും പെട്ടെന്ന് വിതരണം ചെയ്യുവാൻ നിർദ്ദേശിച്ചു. 10 നഗരസഭകൾ 100 ശതമാനം ഐ ഡി കാർഡ് വിതരണം ചെയ്തതായി അറിയിച്ചു. സ്ത്രീ ശാക്തീ കരണത്തിനായി സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി 10 പദ്ധതികൾ തുടങ്ങുന്നതിന് നിർദ്ദേശിച്ചു.

**E E S L**

Energy Efficiency System നഗരസഭകളിൽ നടപ്പാക്കുന്നതിനായി ടി പദ്ധതിയെ കുറിച്ച് പ്രസന്റേഷൻ അവതരിപ്പിച്ചു.

**ചീഫ് എഞ്ചിനീയർ, എൽ എസ് ജി ഡി (ശ്രീമതി. ആശ, എക്സിക്യൂട്ടീവ് എഞ്ചിനീയർ)**

പുതിയതായി രൂപീകരിച്ച നഗരസഭകളിൽ ഓവർസീയർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി എല്ലാ ലിസ്റ്റും പി എസ് സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ലിസ്റ്റ് വന്നാൽ മാത്രമെ നിയമനം നടത്താൻ സാധിക്കുകയുള്ളൂവെന്നും താൽക്കാലികമായി നിയമിക്കാൻ സർക്കാർ ഉത്തരവുണ്ടെന്നും ആയതിനാവശ്യമായ തുക തനത് വരുമാനത്തിൽ നിന്നും കണ്ടെത്തേണ്ടതാണെന്നും അറിയിച്ചു. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒഴിവുള്ള 19 ക്ലറിക്കൽ സ്റ്റാഫിന്റെ ഒഴിവ് പി എസ് സിക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു.

**ജോയിന്റ് ഡയറക്ടർ (ഹെൽത്ത്) (ശ്രീമതി. ഉമ്മു സെൽമ സി (ചുങ്കത്ത്)**

ഡി **&** ഒ ലൈസൻസ് വാർഡ് വൈസ് ലിസ്റ്റ് (പ്രഫോർമ 1) നാളിതുവരെയും നൽകിയിട്ടില്ലാത്ത നഗരസഭകൾ ആയത് അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശം നൽകി (തൃശ്ശൂർ, പുനലൂർ, ചേർത്തല, കട്ടപ്പന, മണ്ണാർക്കാട്, പയ്യോളി, കൊടുവള്ളി, മാനന്തവാടി, മട്ടന്നൂർ, ഇരിട്ടി, കാസറഗോഡ്, നീലേശ്വരം)

**ക്ലീൻ കേരള കമ്പനി**

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ മഷീൻ വാങ്ങുന്നതിന് ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റ് ഒപ്പ് വയ്ക്കാത്ത നഗരസഭകൾ ആയതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും ടി മെഷീൻ സ്ഥാപിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത നഗരസഭകൾ ഉടൻ പ്രവർത്തനം തുടങ്ങുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചു.

## Community Toilet, Public Toilet

ടി പദ്ധതിക്കു വേണ്ടിയിട്ടുള്ള പ്രോജക്ടുകൾ ഇതുവരെയും ശുചിത്വമിഷന് നൽകിയിട്ടില്ലാത്ത നഗരസഭകൾ ആയതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. പദ്ധതികൾ സമർപ്പിക്കാത്ത നഗരസഭകളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം, കൊച്ചി, പുനലൂർ, ചെങ്ങന്നൂർ, പാലാ, ഗുരുവായൂർ, കുന്നംകുളം, കൊയിലാണ്ടി, വടകര, രാമനാട്ടുകര, മുക്കം, കൊടുവള്ളി, പയ്യോളി, തലശ്ശേരി, മട്ടന്നൂർ.

## ODF

ഒ ഡി എഫ് പ്രഖ്യാപനവുമായി ബന്ധപ്പെട്ട് തിരുവല്ല, തൊടുപുഴ, മൂവാറ്റുപുഴ എന്നീ നഗരസഭകൾ തേർഡ് പാർട്ടി ഇൻസ്പെക്ഷന് തയ്യാറാണെന്ന് ശുചിത്വ മിഷനിൽ നിന്നും അറിയിക്കുകയുണ്ടായി.

**സിറ്റി സാനിട്ടേഷൻ പ്ലാൻ**

13 നഗരസഭകൾ ഇതുവരെയും സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും ബാക്കി നഗരസഭകൾക്ക് ആയതിനുള്ള പരിശീലനം കിലയിൽ വച്ച് നൽകുന്നതാണെന്നും ശുചിത്വ മഷൻ അറിയിക്കുകയുണ്ടായി.

**Implementation of Solid Waste Management Rule 2016, and Plastic Waste Management Rule 2016.**

ടി ചട്ടങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊല്യൂഷൻ കൺട്രോൾ ബോർഡിന് സർക്കാർ മുഖേന നൽകേണ്ടതായ വാർഷിക റിപ്പോർട്ടിന്റെ പ്രൊഫോർമ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ഈ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ടെന്നും ആയതിന് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ നഗരകാര്യ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശം നൽകി.

യോഗം വൈകുന്നേരം 6.00 ന് മണിക്ക് അവസാനിച്ചു.

ഒപ്പ്
**ബി കെ ബാലരാജ്**
**നഗരകാര്യ ജോയിന്റ് ഡയറക്ടർ (ഭരണം)**

**തിരുവനന്തപുരം**
13/12/2017